**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5716** **24-03-2025 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് പഞ്ചായത്തിൽ അനുവദിച്ചിരുന്ന പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പ്രവൃത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും ശ്രീ.മനോജ് മാത്യു എന്ന കരാറുകാരൻ ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി റോഡിന്റെ ആകെയുള്ള 2500 മീറ്റർ ദൂരത്തിൽ 400 മീറ്റർ നീളം പരീക്ഷണാടിസ്ഥാനത്തിൽ നൂതന സാങ്കേതിക വിദ്യയായ സർഫസ് ഡ്രസിംഗ് (ചിപ്പ് സീൽ) നിർമ്മാണം നടത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ ചില ഭാഗങ്ങളിൽ വീഴ്ച ഉള്ളതായി പ്രദേശവാസികൾ പരാതിപ്പെടുകയും തുടർ പ്രവൃത്തികൾ നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തെ സംബന്ധിച്ച് പരാതി ലഭിച്ച ഉടനെതന്നെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ പ്രദേശത്ത് പരിശോധകൾ നടത്തിയിരുന്നു. പ്രസ്തുത സാങ്കേതികവിദ്യ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് കൂടുതൽ അനുയോജ്യമാകുന്നതാണെന്നും പരമ്പരാഗത നിർമ്മാണ രീതികളെക്കാൾ കുറഞ്ഞ ചെലവിൽ റോഡുകൾ നിർമ്മിക്കാൻ ടി സാങ്കേതികവിദ്യ സഹായകമാകുമെന്നുമാണ് ഉന്നതതല സാങ്കേതിക സമിതി അംഗങ്ങൾ വിലയിരുത്തിയത്. കൂടാതെ, പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ താരതമ്യേന ചെറിയ ന്യൂനതകൾ പരിഹരിച്ചു നൽകുന്നതാണെന്ന് പ്രദേശവാസികൾക്ക് ഉറപ്പു നൽകിയിരുന്നുവെങ്കിലും തദ്ദേശവാസികളിൽ നിന്നും തീർത്തും പ്രതികൂലമായ പ്രതികരണമാണ് ഉണ്ടായത് . തുടർന്ന് പോലീസ് സംരക്ഷണത്തോടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കോട്ടയം പിഐയു അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും, ആലപ്പുഴ കരീലകുളങ്ങര സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | പ്രവൃത്തി തുടരാൻ സാധിക്കാതെ വന്നതോടെ ചേപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പ്രവൃത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും ശ്രീ.മനോജ് മാത്യു എന്ന കരാറുകാരൻ ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി റോഡിന്റെ ആകെയുള്ള 2500 മീറ്റർ ദൂരത്തിൽ 400 മീറ്റർ നീളം പരീക്ഷണാടിസ്ഥാനത്തിൽ നൂതന സാങ്കേതിക വിദ്യയായ സർഫസ് ഡ്രസിംഗ് (ചിപ്പ് സീൽ) നിർമ്മാണം നടത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ ചില ഭാഗങ്ങളിൽ വീഴ്ച ഉള്ളതായി പ്രദേശവാസികൾ പരാതിപ്പെടുകയും തുടർ പ്രവൃത്തികൾ നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തെ സംബന്ധിച്ച് പരാതി ലഭിച്ച ഉടനെതന്നെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ പ്രദേശത്ത് പരിശോധകൾ നടത്തിയിരുന്നു. പ്രസ്തുത സാങ്കേതികവിദ്യ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് കൂടുതൽ അനുയോജ്യമാകുന്നതാണെന്നും പരമ്പരാഗത നിർമ്മാണ രീതികളെക്കാൾ കുറഞ്ഞ ചെലവിൽ റോഡുകൾ നിർമ്മിക്കാൻ ടി സാങ്കേതികവിദ്യ സഹായകമാകുമെന്നുമാണ് ഉന്നതതല സാങ്കേതിക സമിതി അംഗങ്ങൾ വിലയിരുത്തിയത്. കൂടാതെ, പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ താരതമ്യേന ചെറിയ ന്യൂനതകൾ പരിഹരിച്ചു നൽകുന്നതാണെന്ന് പ്രദേശവാസികൾക്ക് ഉറപ്പു നൽകിയിരുന്നുവെങ്കിലും തദ്ദേശവാസികളിൽ നിന്നും തീർത്തും പ്രതികൂലമായ പ്രതികരണമാണ് ഉണ്ടായത് . തുടർന്ന് പോലീസ് സംരക്ഷണത്തോടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കോട്ടയം പിഐയു അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും, ആലപ്പുഴ കരീലകുളങ്ങര സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും പ്രവൃത്തി തുടരാൻ സാധിക്കാതെ വന്നതോടെ ചേപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പ്രവൃത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും ശ്രീ.മനോജ് മാത്യു എന്ന കരാറുകാരൻ ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി |

| | | | |
|---|---|---|---|
| | | | റോഡിന്റെ ആകെയുള്ള 2500 മീറ്റർ ദൂരത്തിൽ 400 മീറ്റർ നീളം പരീക്ഷണാടിസ്ഥാനത്തിൽ നൂതന സാങ്കേതിക വിദ്യയായ സർഫസ് ഡ്രസിംഗ് (ചിപ്പ് സീൽ) നിർമ്മാണം നടത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ ചില ഭാഗങ്ങളിൽ വീഴ്ച ഉള്ളതായി പ്രദേശവാസികൾ പരാതിപ്പെടുകയും തുടർ പ്രവൃത്തികൾ നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തെ സംബന്ധിച്ച് പരാതി ലഭിച്ച ഉടനെതന്നെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ പ്രദേശത്ത് പരിശോധകൾ നടത്തിയിരുന്നു. പ്രസ്തുത സാങ്കേതികവിദ്യ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് കൂടുതൽ അനുയോജ്യമാകുന്നതാണെന്നും പരമ്പരാഗത നിർമ്മാണ രീതികളെക്കാൾ കുറഞ്ഞ ചെലവിൽ റോഡുകൾ നിർമ്മിക്കാൻ ടി സാങ്കേതികവിദ്യ സഹായകമാകുമെന്നുമാണ് ഉന്നതതല സാങ്കേതിക സമിതി അംഗങ്ങൾ വിലയിരുത്തിയത്. കൂടാതെ, പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ താരതമ്യേന ചെറിയ ന്യൂനതകൾ പരിഹരിച്ചു നൽകുന്നതാണെന്ന് പ്രദേശവാസികൾക്ക് ഉറപ്പു നൽകിയിരുന്നുവെങ്കിലും തദ്ദേശവാസികളിൽ നിന്നും തീർത്തും പ്രതികൂലമായ പ്രതികരണമാണ് ഉണ്ടായത് . തുടർന്ന് പോലീസ് സംരക്ഷണത്തോടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കോട്ടയം പിഐയു അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും, ആലപ്പുഴ കരീലകുളങ്ങര സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിവേദനം നൽകിയിരുന്നുവെങ്കിലും പ്രവൃത്തി തുടരാൻ സാധിക്കാതെ വന്നതോടെ ചേപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ